പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2172 — 11.03. 2020 ൽ മറുപടിക്ക്

**വൈദ്യുതി ബോർഡിന്റെ പ്രവർത്തനം**

ചോദ്യം

ശ്രീ.കെ.ജെ.മാക്സി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡ് നിലവിൽ ലാഭത്തിലാണോ അതോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ; | (എ) നിലവിൽ വൈദ്യുതി ബോർഡ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) എങ്കിൽ നിലവിലെ നഷ്ടം/ ലാഭം എത്ര കോടി രൂപ; വ്യക്തമാക്കുമോ; | (ബി) 2018-19 – ലെ കണക്കുപ്രകാരം 290 കോടി രൂപയാണ് വൈദ്യുതി ബോർഡിന്റെ നഷ്ടം |
| (സി) 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയവും ഉരുൾപൊട്ടലും മൂലം വൈദ്യുതി ബോർഡിന് എത്ര തുകയുടെ നഷ്ടം സംഭവിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) കേരളത്തെ പിടിച്ചു കുലുക്കിയ 2018 ലെയും 2019 ലെയും പ്രളയത്തെ തുടർന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളുടെ പുനർനിർമ്മാണത്തിനു യഥാക്രമം 363.18 കോടി രൂപയും 243.05 കോടി രൂപയും ചെലവ് കണക്കാക്കിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത നഷ്ടം പരിഹരിക്കുവാൻ ബോർഡ് ഗാർഹിക ഉപഭോക്താക്കളിൽ നിന്നും സർചാർജ് ഇനത്തിൽ ഈടാക്കിയ തുകയുടെ വിശദാംശം ലഭ്യമാക്കുമോ; | (ഡി) നഷ്ടം നികത്തുന്നതിലേയ്ക്കായി സർചാർജ്ജുകൾ ഒന്നും തന്നെ ഒരു വിഭാഗം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നില്ല. മറിച്ച്, 2019 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മൂന്നുമാസക്കാലയളവിൽ കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസുകളിൽ നിന്ന് വൈദ്യുതി വാങ്ങിയ ഇനത്തിൽ ഉണ്ടായ അധിക ബാധ്യത (കമ്മീഷൻ അംഗീകരിച്ച തുകയെക്കാൾ കൂടുതലായതുക ) നികത്തുന്നതിന്, സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച 2018 - ലെ താരിഫ് നിർണ്ണയ ചട്ടങ്ങൾ പ്രകാരം, കമ്മീഷൻ തന്നെ പുറപ്പെടുവിച്ച 14.02.2020 – ലെ ഉത്തരവ് പ്രകാരം, 15.02.2020 മുതൽ സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും ഫെബ്രുവരി 15 മുതലുള്ള മൂന്നു മാസത്തെ ഉപഭോഗത്തിന്, സർചാർജ്ജ് ഈടാക്കി വരുന്നു. |
| (ഇ) നിലവിൽ വൈദ്യുതി ബോർഡിന് എത്ര കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്; വകുപ്പ് തിരിച്ച് വിശദാംശം വ്യക്തമാക്കുമോ? | (ഇ) 31.12.2019 – ലെ കണക്കുപ്രകാരം വൈദ്യുതി ബോർഡിന് ആകെ 1548.50 കോടിരൂപ പിരിഞ്ഞുകിട്ടാനുണ്ട്. കുടിശ്ശികയെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# KERALA STATE ELECTRICITY BOARD LIMITED

## ABSTRACT OF ARREARS OF CURRENT CHARGES AS ON 31-12-2019 (WITHOUT SURCHARGE)

| Sl. No. | NAME OF DEPARTMENT | | Arrear excluding litigation (Amount in rupees) | | | Arrear under litigation (Amount in rupees) | | | GRAND TOTAL (E + H) |
|---|---|---|---|---|---|---|---|---|---|
| | | | LT | HT | Total (C + D) | LT | HT | Total (F + G) | |
| A | B | | C | D | E | F | G | H | I |
| 1 | STATE GOVERNMENT DEPARTMENTS | Statement - 1 (a) & (b) | 17,65,07,701 | 33,98,06,152 | 51,63,13,853 | 42,16,53,317 | 0 | 42,16,53,317 | 93,79,67,170 |
| 2 | STATE PUBLIC SECTOR UNDERTAKINGS | Statement -2 (a) & (b) | 1,04,75,01,587 | 2,29,04,83,350 | 3,33,79,84,937 | 19,95,753 | 42,00,50,822 | 42,20,46,575 | 3,76,00,31,512 |
| 3 | PUBLIC INSTITUTIONS | Statement -3 (a) & (b) | 2,27,32,165 | 14,96,08,857 | 17,23,41,022 | 74,12,252 | 13,59,73,097 | 14,33,85,349 | 31,57,26,371 |
| 4 | LOCAL BODIES | Statement -4 (a) & (b) | 2,72,25,818 | 0 | 2,72,25,818 | 2,04,98,658 | 0 | 2,04,98,658 | 4,77,24,476 |
| 5 | CENTRAL GOVERNMENT DEPARTMENTS | Statement -5 (a) & (b) | 4,15,54,087 | 38,23,291 | 4,53,77,378 | 1,86,68,024 | 0 | 1,86,68,024 | 6,40,45,402 |
| 6 | CENTRAL PUBLIC SECTOR UNDERTAKINGS | Statement -6 (a) & (b) | 10,66,35,452 | 41,41,82,996 | 52,08,18,448 | 3,77,70,523 | 3,91,05,287 | 7,68,75,810 | 59,76,94,258 |
| 7 | DOMESTIC | Statement -7 | 2,25,34,03,461 | 0 | 2,25,34,03,461 | 8,70,23,998 | 0 | 8,70,23,998 | 2,34,04,27,459 |
| 8 | PRIVATE INSTITUTIONS | Statement -8 (a) & (b) | 1,78,01,83,913 | 1,91,39,02,485 | 3,69,40,86,398 | 38,98,20,769 | 2,61,02,13,470 | 3,00,00,34,239 | 6,69,41,20,637 |
| 9 | CAPTIVE POWER PLANT | Statement -9 | 0 | 4,89,68,675 | 4,89,68,675 | 0 | 51,15,35,132 | 51,15,35,132 | 56,05,03,807 |
| 10 | INTER STATE | Statement - 10 | 0 | 3,57,54,525 | 3,57,54,525 | 0 | 0 | 0 | 3,57,54,525 |
| 11 | LICENSEE | Statement - 11 | 0 | 1,16,42,088 | 1,16,42,088 | 0 | 11,72,00,115 | 11,72,00,115 | 12,88,42,203 |
| 12 | OTHERS | Statement - 12 | 17,22,052 | 0 | 17,22,052 | 4,65,017 | 0 | 4,65,017 | 21,87,069 |
| GRAND TOTAL | | | 5,45,74,66,236 | 5,20,81,72,419 | 10,66,56,38,655 | 98,53,08,311 | 3,83,40,77,923 | 4,81,93,86,234 | 15,48,50,24,889 |

അണ്ടർസെക്രട്ടറി